Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 05.12.2022

*Ref: 880/KCBC/K-6/KPR/DS*

**മത്സ്യ തൊഴിലാളികളുടെ മാനുഷികവും ന്യായവുമായ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് അവരുടെ സമരം എത്രയും പെട്ടെന്ന് അവസാനിപ്പിക്കുന്നതിനും സമാധാനപരമായ അന്തരീക്ഷം സംജാതമാക്കുന്നതിനും സർക്കാർ മുൻകൈയെടുക്കണം : കേരള കത്തോലിക്കാസഭയുടെ അജപാലനസമിതി**

കൊച്ചി: അതിജീവനത്തിനും ഉപജീവന സംരക്ഷണത്തിനും വേണ്ടി തിരുവനന്തപുരത്തെ മത്സ്യത്തൊഴിലാളി സഹോദരങ്ങളും തീരദേശവാസികളും നടത്തുന്ന സമരം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ കേരള സർക്കാർ അടിയന്തരമായി സ്വീകരിക്കണമെന്ന് കേരള കത്തോലിക്കാസഭയുടെ അജപാലനസമിതിയായ കേരള കാത്തലിക് കൗൺസിൽ ജനറൽ ബോഡി യോഗം ആവശ്യപ്പെട്ടു

കേരളത്തെ ഏറെ വിഷമാവസ്ഥയിലാക്കിയ പ്രളയകാലത്ത് സ്വന്തം ജീവനെപ്പോലും തൃണവൽക്കരിച്ച് ജനങ്ങളുടെ രക്ഷയ്ക്കെത്തിയ മത്സ്യത്തൊഴിലാളികളുടെ ഭൂമിയും ഭവനവും ജീവനോപാധികളും നഷ്ടമാകുന്ന ദുരന്ത സാഹചര്യങ്ങളെ അടിയന്തരമായി പരിഹരിക്കേണ്ടതാണ്. നാവികത്താവളം, റോക്കറ്റ് വിക്ഷേപണ കേന്ദ്രം, കപ്പൽ നിർമ്മാണശാല, വിമാനത്താവളം, നേവൽ അക്കാദമി ഉൾപ്പടെയുള്ള വൻകിട സംരഭങ്ങൾക്ക്
ത്യാഗപൂർവ്വം ദൈവാലയങ്ങളും സിമിത്തേരികളും വൈദിക മന്ദിരങ്ങളും അനേകം കുടുംബങ്ങളുടെ കിടപ്പാടങ്ങളും വിട്ടുകൊടുത്ത ഒരു സമുദായത്തെ രാജ്യദ്രോഹികൾ എന്ന് വിളിച്ച് ആക്ഷേപിക്കുന്നത് അങ്ങേയറ്റം അപലപനീയമാണ്.

കടലിന്റെയും കടൽത്തീരത്തിന്റെയും ഘടനകളെ തകിടം മറിക്കുകയും കടലിലെ ആവാസവ്യവസ്ഥയെ നശിപ്പിക്കുകയും ചെയ്യുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം അതീവ ഗുരുതരമായ പാരിസ്ഥിതിക പ്രതിസന്ധിയാണ് രൂപപ്പെടുത്തിയിട്ടുള്ളത്.

ഈ തുറമുഖ നിർമ്മാണത്തിന്റെ പ്രത്യാഘാതങ്ങൾ ശാസ്ത്രീയമായതും സത്യസന്ധവും സുതാര്യമായ വിധം സമരസമിതി നിർദ്ദേശിക്കുന്ന വിദഗ്ദരെ കൂടി ഉൾപ്പെടുത്തി പഠനം നടത്തുക, ഈ പഠനം പൂർത്തിയാക്കുന്നതുവരെ തുറമുഖ നിർമ്മാണം നിർത്തിവയ്ക്കുക എന്നത് ഉൾപ്പടെ ഏഴ് ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടാണ് മത്സ്യത്തൊഴിലാളികളും തീരദേശവാസികളും കഴിഞ്ഞ 136 ലേറെ ദിവസങ്ങളായി സമരം ചെയ്യുന്നത്.

ഇവർ ഉന്നയിക്കുന്ന ആവശ്യങ്ങളോട് ഉത്തരവാദിത്വപ്പെട്ടവർ പുലർത്തുന്ന നിഷേധാത്മക നിലപാട് ഖേദകരമാണ്. സമരം ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങളിൽ ചർച്ചകളിലൂടെ സമവായത്തിലെത്താതെ സർക്കാർ ഏകപക്ഷിയമായി ഉത്തരവുകൾ ഇറക്കി, ആവശ്യങ്ങൾ പരിഹരിച്ചതായിട്ടാണ് അവകാശപ്പെടുന്നത്.

PRESIDENT
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

VICE-PRESIDENT
His Excellency
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

SECRETARY GENERAL
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
P.O.C., P.B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com

സമരം ചെയ്യുന്ന മത്സ്യത്തൊഴിലാളികൾ രാജ്യദ്രോഹികൾ ആണെന്ന അതീവ ഗുരുതരമായ ആരോപണം ഉന്നയിച്ചു കൊണ്ടും സമരത്തെ പരാജയപ്പെടുത്താൻ വിവിധ ഘട്ടങ്ങളിൽ ഉത്തരവാദിത്വപ്പെട്ടവർ നിരന്തരം സത്യ വിരുദ്ധവും വസ്തുതാ വിരുദ്ധവുമായ പ്രചരണങ്ങൾ നടത്തുകയാണ്.

തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് ജെ നെറ്റോ പിതാവിനെയും, സഹായ മെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിനെയും അനവധി വൈദികരെയും തീരദേശവാസികളെയും പ്രതികളാക്കി 150 ലേറെ കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

തുറമുഖത്തിന്റെ സുരക്ഷാ ചുമതലയുടെ മറവിൽ മത്സ്യത്തൊഴിലാളികളുടെ നീതി സമരത്തെ അടിച്ചമർത്താൻ കേന്ദ്രസേനയെ ഏൽപ്പിക്കാനുള്ള നീക്കത്തിൽ കൗൺസിൽ ആശങ്കരേഖപ്പെടുത്തി. മത്സ്യ തൊഴിലാളികളുടെ മാനുഷികവും ന്യായവുമായ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് അവരുടെ സമരം എത്രയും പെട്ടെന്ന് അവസാനിപ്പിക്കുന്നതിനും സമാധാനപരമായ അന്തരീക്ഷം സംജാതമാക്കുന്നതിനും സർക്കാർ മുൻകൈയെടുക്കണമെന്നും ഈ സമ്മേളനം ആവശ്യപ്പെടുന്നു.

കേരള കത്തോലിക്കാസഭയുടെ അജപാലന സമിതിയുടെ യോഗം കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. കെസിബിസി സെക്രട്ടറി ജനറാൾ ബിഷപ്പ് ജോസഫ് മാർ തോമസ് അധ്യക്ഷനായിരുന്നു. കെസിസി സെക്രട്ടറി ജനറാൾ ഫാ. ജേക്കബ് ജി. പാലക്കാപ്പിള്ളി, ഡോ. സിറ്റി മാത്യു, ശ്രീമതി ജെസ്സി ജെയിംസ്, ശ്രീ ജോസഫ് ജൂഡ് എന്നിവർ പ്രസംഗിച്ചു.

ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ/ഔദ്യോഗിക വക്താവ്, കെസിബിസി
ഡയറക്ടർ, പിഒസി.